# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നം.813** — **30.01.2019-ൽ മറുപടിയ്ക്ക്**

## ഭരത് മുരളി നാടക പരിശീലന കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെളിയം യും പഞ്ചായത്തിൽ അനുവദിച്ച ഭരത് മുരളി നാടക പരിശീലന കേന്ദ്രം യും പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്താമോ ;<br><br>(ബി) ആരിലാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല നിക്ഷിപ്തമാക്കിയിരിക്കുന്നത് ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (എ) വെളിയം കുടവട്ടൂരിൽ ഭരത് മുരളി നാടക പഠന കേന്ദ്രം നിർമ്മിക്കുന്നതിനായി 23/03/2018 ലെ സ.ഉ (സാധാ) നം. 212/18/സാം.കാ.വ പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>(ബി) വെളിയം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ് ഫോർഡിനെ നിർമ്മാണ ചുമതല ഏൽപ്പിച്ചിരുന്നുവെങ്കിലും നാളിതു വരെയും പണി തുടങ്ങാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരത് മുരളി നാടക പരിശീലന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്ന നിർമ്മാണ പ്രവർത്തനം 6 മാസം കൊണ്ട് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ